# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4633 — 29.6.2012-ൽ മറുപടിയ്ക്ക്

## ഹൈടെക് ഫാമിംഗ്

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ :
„ വി. റ്റി. ബൽറാം :
„ എ. റ്റി. ജോർജ് :
„ സി. പി. മുഹമ്മദ് :

(എ) സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് രീതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

**മറുപടി**

ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് രീതി വ്യാപിപ്പിക്കുന്നതിന് 2012-13-ലെ ബഡ്ജറ്റിൽ 45 കോടി രൂപ വകയിരു ത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്തിലുമുള്ള സഹകരണ ബാങ്കുകൾ, കർഷക സംഘങ്ങൾ, കർഷകർ എന്നിവർക്ക് 10 സെന്റ് തുറസ്സായ സ്ഥലത്ത് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനു വരുന്ന ചെലവിന്റെ 75 ശതമാനം തുക (50 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം കേരള സർക്കാരും) ധനസഹായമായി ലഭ്യമാക്കുന്നതാണ്. 2012-13 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ മൂന്ന് എന്ന തോതിൽ 978 പഞ്ചായത്തിൽ മൊത്തം 2934 ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ ഹൈടെക് ഫാമിംഗ് ഡെമോൺസ്ട്രേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. പൊതുമേഖലയിൽ സ്ഥാപിക്കുന്ന ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾക്ക് 100 ശതമാനവും, സ്വകാര്യമേഖലയ്ക്ക് 75 ശതമാനവും ധനസഹായമാണ് നൽകുന്നത്. പൊതുമേഖലയിൽ 21ഉം സ്വകാര്യമേഖലയിൽ 63ഉം പ്രദർശന

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ആരോഗ്യത്തിന് ഹാനികരമല്ലാത്ത പച്ചക്കറികൾ ഉൽപ്പാദിപ്പിച്ച് ഓരോ കുടുംബത്തിന്റെയും സ്വയംപര്യാപ്ത ലക്ഷ്യമിടുന്ന രീതിയിൽ പ്രസ്തുത രീതി പ്രയോജനപ്പെടുത്തുമോ; | (ബി) | പ്രയോജനപ്പെടുത്തും. |
| (സി) | സർക്കാർ-സ്വകാര്യ ഏജൻസികളുടെ സഹകരണം ഇതിനു വേണ്ടി ഉപയോഗപ്പെടുത്തുമോ ? | (സി) | ഉപയോഗപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**